പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :635 | 29.10. 2019 ൽ മറുപടിക്ക്

## ഇ-പേയ്മെന്റ് സംവിധാനം

ചോദ്യം
ശ്രീ.ഒ.ആർ.കേളു

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വയനാട് ജില്ലയിൽ എത്ര ശതമാനം ഉപഭോക്താക്കളാണ് വൈദ്യുതി ബിൽ അടക്കുന്നതെന്ന കണക്ക് ലഭ്യമാണോ; വിശദമാക്കാമോ; | (എ) വയനാട് ജില്ലയിൽ 18.91 ശതമാനം ഉപഭോക്താക്കൾ 2019 സെപ്റ്റംബർ മാസം ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വൈദ്യുതി ബിൽ അടച്ചിട്ടുണ്ട്. 18 സെക്ഷൻ ഓഫീസ് പരിധിയിലുള്ള മൊത്തം 139970 ഉപഭോക്താക്കളിൽ 26463 പേർ ഇ-പേയ്മെന്റ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വൈദ്യുതി ബിൽ അടക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (ബി) വൈദ്യുതി ബിൽ തുക ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകൾ നോട്ടീസ്, വെബ്സൈറ്റ് എന്നിവയിലൂടെ പ്രചാരണം നൽകി വരുന്നു. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള താഴെ പറയുന്ന വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>1. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.<br>2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ICICI ബാങ്ക്, CSB എന്നീ ബാങ്കുകൾ മുഖേന നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം<br>3. ബി.ബി.പി.എസ് സംവിധാനത്തിലൂടെ എല്ലാ പേയ്മെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം<br>4. മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതിബിൽ തുക അടയ്ക്കാൻ കഴിയുന്ന 'KSEB' എന്ന മൊബൈൽ ആപ്ലിക്കേഷൻ<br>5. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലേയ്ക്ക് വരവ് വെയ്ക്കുന്ന എൻ.എ.സി.എച്ച് സംവിധാനം (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി. |

| | |
|---|---|
| | 6. പേ.റ്റി.എം (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം<br>7. അപ്ന സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക ജനസേവനകേന്ദ്രം വഴിയും വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം<br>8 കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ |

സെക്ഷൻ ഓഫീസർ